PRESIDENT: But there is enough time for this demand. After all, the most convenient plan would be to allow the honourable members to speak on local grievances based on these cut motions. So Mr. Mahomed will proceed with his remarks.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED : ഈ ബഡ്ജറ്റ് പൊതുവേ നോക്കിയതിൽ അലപ്പുഴ പട്ടണത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറ് വളരെ അശ്രദ്ധ കാണിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അലപ്പുഴ വാണിജ്യപരമായ പ്രാധാന്യത്തെ അർഹിക്കുന്ന ഒരു പട്ടണമാണ്. ഈതിന് ഏറ്റവും പ്രാധാന്യം നൽകുന്നത് അവിടത്തെ രണ്ടു പ്രധാന തോട്ടുകളാണെന്നതാണും. ഈ തോട്ടുകൾ ആണ്ടുതോറും വലിയ സംഖ്യകൾ ചെലവഴിച്ച് ഇരുവശങ്ങളും ശരിപ്പെടുത്തുകയും വരക്കുവള്ളങ്ങൾ പോകത്തക്കവണ്ണം അതുകളെ വീതിക്കൂട്ടുകയും ചെയ്തുവരുന്നു. ഈ വൻപിച്ച ചെലവ് ആണ്ടോടാണ്ട് ചെയ്യാതിരിക്കുന്നതിന് ഇരുവശങ്ങളും കാൺക്രീറു ചെയ്യുന്നതു നന്നായിരിക്കുമെന്നുള്ള നിർദ്ദേശം പലസന്ദർഭങ്ങളിലും ഗവണ്മെൻറിന് നൽകിയിട്ടുള്ളതും ഗവണ്മെൻറു അതു നിർദ്ദേശം സ്വീകരിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ പല വർഷങ്ങൾ കഴിഞ്ഞിട്ടും അതു വക്ക് ഇതുവരെയും പൂർത്തിയാക്കിയിട്ടില്ലാ. ഈ ആണ്ടിൽ ൨൫൦൦ രൂപയാണ് ഈ ആവശ്യത്തിലേക്കു ബഡ്ജറിൽ കൊള്ളിക്കുന്നതു്. ഈ തുക കൊണ്ടു് കഷ്ടിച്ച് ൫൦൦ അടിപോലും കാൺക്രീറുചെയ്യാൻ കഴുമോ എന്നു സംശയമാണ്. ഈ തോതിൽ പോയാൽ ൨൫ കൊല്ലം കഴിഞ്ഞാലും ഈ വേല പൂർത്തിയാക്കാനൊക്കുമെന്നു തോന്നുന്നില്ല. അതു കൊണ്ടു് പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ പ്രോഗ്രാമിൽ ഈ വേലയും കൂടി ഉൾപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണ്.

മറെറാന്നു് ചുങ്കം പാലത്തെപ്പറ്റിയാണു്. ബഡ്ജറിൽ അതിനുള്ള തുക കൊള്ളിച്ചിട്ടുണ്ടു്. അതിനു ഞാൻ ഗവണ്മെൻറിനോടു വളരെ നന്ദിയുള്ളവനായിരിക്കുന്നു. ഈ മുക്കോലക്കൽപാലം ഈ ആണ്ടിൽത്തന്നെ പണി നടത്തിത്തരുന്നതിനു് ചീഫ് എൻജിനീയർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അവിടെയുള്ള ജനങ്ങൾ വർഷകാലത്തു് അത്രയധികം ബുദ്ധിമുട്ടുന്നുണ്ടു്. അതുകൊണ്ടു് ഇനി ഇക്കൊല്ലത്തിനകം അതിന്റെ പണി പൂർത്തിയാക്കിയാൽ അതു് വലിയ ഒരു അനുഗ്രഹമായിരിക്കും.

സർ, ചുങ്കത്തിനു കിഴക്കുവശം പള്ളാത്തുരുത്തിവരെയുള്ള തോടിന്റെ രണ്ടു കരകളിലും റോഡു വെട്ടണമെന്നുള്ള കാര്യവും ഗവണ്മെൻറു ഉദാസീനമായി തള്ളിക്കളഞ്ഞിരിക്കുകയാണു് എന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അലപ്പുഴയിൽനിന്നും അമ്പലപ്പുഴ-ചേർത്തല നിയോജകമണ്ഡലത്തിൽനിന്നും ഇവിടെ വരുന്ന ബഹുമാനപ്പെട്ട മെംബർമാർ എല്ലാവരും ഈ കാര്യത്തെപ്പറ്റി ഇവിടെ പറയുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രണ്ടു റോഡുകളും തീരുന്നപക്ഷം ആലപ്പുഴയിലുള്ള എല്ലാ ഭാഗങ്ങളും കച്ചവടസങ്കേതങ്ങളാക്കിത്തീർക്കുന്നതിനു യാതൊരു പ്രയാസവുമില്ല. ആറൊ ഏഴൊ ആയിൽ മില്ലുകൾ അവിടെയുണ്ട്. അവിടം ആലപ്പുഴയുടെ കൊപ്രാവ്യാപാരകേന്ദ്രമാണു്. കയറുവ്യവസായവും മറു കച്ചവടങ്ങളും അവിടെ ധാരാളം നടക്കുന്നുണ്ടു്. ജനങ്ങൾ അവിടെ ധാരാളമായി താമസിക്കുന്നു. അങ്ങിനെയുള്ള ആ സ്ഥലത്തു് എത്രയും വേഗത്തിൽ തോടിന്റെ ഇരുകരകളിലും റോഡു വെട്ടിച്ചും ക്രമാതെ ആറിനു് അടുത്തു ഒരു മരപ്പാലും പണിയിച്ചും ആലപ്പുഴ നിവാസികളുടെ സങ്കടപരിഹാരം വരുത്തിത്തരണമെന്നു ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിച്ചുകൊള്ളുന്നു. ഈ ആവശ്യത്തിനു വേണ്ടിവരുന്ന തുക ചെലവുചെയ്യുന്നതിൽ അലസത വിചാരിക്കേണ്ട ആവശ്യം ഗവണ്മെൻറിനില്ല. ഇൻകംടാക്സ് ഇനത്തിൽതന്നെ ഈ പട്ടണത്തിൽ നിന്നും ഒരു വലിയ സംഖ്യ കിട്ടുന്നു ക്രമാതെ ലോക്കൽ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ മറു ഇനങ്ങളിൽനിന്നും നികുതികൾ ഗവണ്മെൻറിനു കിട്ടുന്നുണ്ടു് ഇങ്ങനെ പലതരത്തിലും അവഗണിക്കാൻ പാടില്ലാത്ത ഒരു പ്രദേശമാണു് ആലപ്പുഴ. അതുകൊണ്ടു് അവിടത്തെ ആവശ്യം സർവോപരി നിർവഹിക്കുവാൻ വ്യവസായവാണിജ്യപ്രാധാന്യത്തെ പരിഗണിക്കുന്ന ഇന്നത്തെ ഗവണ്മെൻറു് കഴിവുള്ളിടത്തോളം ശ്രദ്ധിക്കുമെന്നു വിചാരിക്കുന്നു.

സർ, റോഡുകൾ മിനസപ്പെടുത്തുന്ന കാര്യത്തിൽ ഗവണ്മെൻറു് വേണ്ടതു ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്നാൽ അതു് ആലപ്പുഴയുടെ പങ്കു് അതിനുണ്ടായിട്ടില്ലെന്നു് നിർഭാഗ്യപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഗവണ്മെൻറു് ഇപ്പോൾ തുടങ്ങിവച്ചിട്ടുള്ള പണികൾ യാതൊന്നും പിൻവലിക്കണമെന്നു എനിക്കഭിപ്രായമില്ല. എന്നാൽ അതോടുകൂടി ആലപ്പുഴയുടെകാര്യം കൂടി ഗവണ്മെൻറു നോക്കേണ്ടതാണു്. ഈ പണികളെല്ലാം ഭംഗിയായും എളുപ്പത്തിലും തീരണമെങ്കിൽ ഗവണ്മെൻറു് ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കൺട്രാക്റ്റർമാർക്കു് ഇന്നു കൊടുക്കുന്ന റേറു് ഒട്ടുംതന്നെ പര്യാപ്തമായിട്ടുള്ളതല്ലാ. അവരുടെ റേറു് ക്രമാതിക്കൊടുക്കണം. കൺട്രാക്റ്റർമാരുടെ അടുക്കൽനിന്നും നഷ്ടപരിഹാരം ഈടാക്കി ഗവണ്മെൻറു് പ്രജനാവു് വർദ്ധിപ്പിക്കേണ്ട ആവശ്യം ഗവണ്മെൻറിനില്ലല്ലൊ. ഈ യുദ്ധകാലത്തു മറെറല്ലാ തൊഴിൽകാരും ധനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ കൺട്രാക്റ്റർമാർ മാത്രം നഷ്ടം സഹിച്ചുകൊള്ളണമെന്നുവയ്ക്കുന്നതു് ഒരിക്കലും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : സർ, ഞാൻ ഈ ഉപക്ഷേപം അനുകൂലിക്കുന്നു. പി. ഡബ്ല്യൂ. ഡിപ്പാർട്ടുമെൻറിലെ ജോലികൾ അമാന്തമായും അലസമായിട്ടുമാണ് നടക്കുന്നതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ അമാന്തത്തിനും അലസതയ്ക്കും പാരമ്പര്യമായി ഒരു ചിഴയുന്ന സമ്പ്രദായം വന്നുപോയി. ഇന്നത്തെ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷൻ ഇതിനുത്തരവാദിയാണെന്നു പറയുവാൻ ഞാൻ ഒരുക്കമില്ല. അദ്ദേഹം എത്ര ജാഗ്രതകാണിച്ചാലും പരമ്പരാസിദ്ധമായ മടിയുടേയും മൗനത്തിന്റെയും നാരായവേരറുക്കുവാൻ പെട്ടെന്നു സാദ്ധ്യമല്ല. ഡിപ്പാർട്ടുമെൻറിലെജോലികൾ മുടങ്ങുന്നതിന്റെയും ആവശ്യമുള്ളതിൽ കവിഞ്ഞു സമയമെടുക്കുന്നതിന്റെയും കാരണങ്ങൾ ഞാൻ ആലോചിക്കയും ചിലതെല്ലാം അനുഭവത്തിൽനിന്നറിയുവാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ഒന്നാമതായി ഇന്നത്തെ ഷെഡ്യൂൾറേറു ശരിക്കല്ലാം മതിയാകയില്ല. സാധാരണവേലക്കാരനും ഒന്നരരൂപാ റേറായിരിക്കുമ്പോൾ ഡിപ്പാർട്ടുമെൻറിന്റെ റേറു പതിനൊന്നുചക്രമായാൽ എങ്ങിനെ മതിയാകുവാനാണ്. ക്ലാസ്സു-ലെയും ക്ലാസ്സൻ-ലെയും വേലകളിൽ അധികഭാഗവും നടക്കാതിരിന്നിട്ടുള്ളതു ഈ റേറനുസരിച്ചു തയാറാക്കിയിട്ടുള്ള എസ്റ്റിമേറിനു വേലചെയ്യുവാൻ കൺട്രാക്ടറന്മാർ തയാറാകാത്തതുകൊണ്ടാണ്. എന്റെ മാന്യസ്നേഹിതൻ മി. പി. എസ്സ്. മഹമ്മദ് ഈ വിഷയം കൺട്രാക്ടറു എടുത്തകയ്പോടുകൂടി വിഷമങ്ങളനുഭവിച്ച അനുഭവജ്ഞാനത്തോടുകൂടി സംസാരിച്ചു. രണ്ടുമൂന്നുദിവസംമുമ്പു് റേറു കുറവുകൊണ്ടു് കൺട്രാക്ടറർമാർ വേലകളെടുക്കാതെ മുടക്കിയിട്ടിട്ടില്ലേ! എന്നു ഞാൻ ചോദിച്ചപ്പോഴും അതുസംബന്ധിച്ചു ശരിയായ അറിവൊന്നും ഇല്ലെന്നു ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷൻ പറകയുണ്ടായി. എടുത്ത കൺട്രാക്ടറു മുടക്കിപ്പോയതും ടെൻഡർ വിളിച്ചിട്ടു എടുക്കാതിരിക്കുന്നതും എനിക്കു ശരിക്കറിയാം. P. W. D. അഡ്വൈസറിക്കമ്മിറിയിൽ ഈ വിഷയം ഞാൻ കൊണ്ടുവരികയും കമ്മിറിഎസ്റ്റിമേറുറേറു് ഇരട്ടിയാക്കി കൊടുക്കുവാൻ ശുപാർശചെയ്കയും ചെയ്തിട്ടുണ്ട്. ഈ എസ്റ്റിമേറുറേറുവിഷയത്തിൽ ഒരു ഖണ്ഡിതമായ നയം സർക്കാർ അംഗീകരിച്ചില്ലെങ്കിൽ പല വേലകളും ബഡ്ജറിൽതന്നെ കിടന്നുപോകും. അടുത്തതായി പൊന്നുംവിലയ്ക്കു ഭൂമിയെടുക്കുന്ന കാര്യത്തിൽ ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറുകാർ കാണിച്ചുപോരുന്ന അലസതയെക്കുറിച്ചാണ്. ഭൂമി പൊന്നുംവിലകൊടുക്കാതെ ഭൂരിപക്ഷം വേലകളും നടത്തുവാൻ സാദ്ധ്യമല്ല. പൊന്നുംവില നടപടി ലാൻഡ്റവന്യൂക്കാർനടത്തുന്നതു് ഒരു "സരിഗമപദനി" സംപ്രദായത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. വൈക്കം രാമകൃഷ്ണപിള്ള മെമ്പറായകാലം മുതൽ വാദിച്ചതും ഫർണ്ണസ്-ൽ ഗവൺമെൻറുവാടം കിട്ടിയിട്ടുള്ളതുമായ കണിയാൻതോട് പൊന്നംവിലക്ക് ഭൂമിയെടുക്കാത്തതുകൊണ്ട് പലകൊല്ലങ്ങളായി ബഡ്ജറുണ്ടെങ്കിലും നടക്കാതിരിക്കുകയാണ്. ഇപ്പോഴും ലാൻഡ് റവന്യൂക്കാരുടെഫയലുകളിൽ തപസ്സുചെയ്യുന്ന ''കണിയാൻതോടി''ന്റെ ശാപമോക്ഷംകിട്ടുന്നതെന്നാണെന്നു പാവ്വർകണിയാരോടു ചോദിക്കേണ്ട താമസിച്ചാണ് ഇരിക്കുന്നത്. ''അരുതി''ത്തോട്ടം പൊന്നംവിലനടപടിയുടെ അമാന്തംകൊണ്ടു കരുതിയും ഇല്ലാതെ കിടക്കുകയാണ്. ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിൽ പൊന്നംവിലനടപടികൾക്ക് ഇലക്ട്രിക്ക് എൻജിനീയരുടെകീഴിൽ ഒരു സ്പെഷ്യലാഫീസറുള്ളതുപോലെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലും ഒരു സ്പെഷ്യൽ ആഫീസർ ഉണ്ടായിരിക്കുന്നതു ഈ വിഷയത്തിൽ വളരെ പ്രയോജനം ഉണ്ടാക്കുന്നതാണ്. ഈ വിഷയവും P. W. D. അഡ്വൈസറിബോർഡുകാർ ശുപാർശചെയ്തിട്ടുള്ളതാണ്. മൂന്നാമതായി ഡിപ്പാർട്ടുമെൻറുകീഴ്സിൽബന്ധികൾ എസ്റ്റിമേറുണ്ടാക്കുവാനും അതയക്കുവാനുംമറും കാണിക്കുന്ന കാലവിളംബം കുറയ്ക്കുവാൻ നിർദ്ദാക്ഷിണ്യമായ നടപടി എടുക്കേണ്ടതാണ്. ഒരു ഫയൽ ചീഫ് എൻജിനീയർ ആഫീസിൽനിന്നുപോയാൽ അതു തിരിച്ചു ഇവിടെ വന്നെത്തുന്നതിനു ഡിവിഷനിലും സബ്ഡിവിഷനിലും സെക്ഷനിലും ആവശ്യമുള്ളതിൽകൂടുതൽ കാലവിളംബം ഉണ്ടാകുന്നുണ്ട്. ദോഷം ചെയ്യുന്ന ഈ അമാന്തം ഇല്ലാതാക്കുവാൻ ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷൻ ശുഷ്കാന്തിയോടുകൂടി നടപടി എടുത്തില്ലെങ്കിൽ ഒരിക്കൽ മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞതുപോലെ പി. ഡബ്ളിയു ഡിപ്പാർട്ടുമെൻറ് അവരുടെ ശമ്പളത്തിന്റെയും അലവൻസിന്റെയും വീക്ഷണകോണത്തിൽ മാത്രം സുരക്ഷിതമായി സൂക്ഷിക്കുന്നു എന്നുള്ള അഭിപ്രായം വീണ്ടും ആവർത്തിക്കേണ്ടിവരും. ചില പ്രാദേശികാവശ്യങ്ങൾ ഡിപ്പാർട്ടുമെൻറിന്റെ മനസ്സാക്ഷികൊണ്ടുവരുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ. ചില താലൂക്കുകളിൽ ഫർക്ക, ഫസൽ, വടസ്സേരി, വടകര ഈ കണക്കിനുള്ള റോഡുകളുള്ളപ്പോൾ പണ്ടത്തെ ഏറനാടൻ താലൂക്കിന്റെ പകുതിക്കുടി ചേർന്ന വൈക്കം താലൂക്കിനു ഒന്നുമൈൽ റോഡു മാത്രമാണുള്ളത്. ഇതിനേക്കാൾ കുറവുള്ള താലൂക്കുകൾ വടക്കൻ പറവൂരും കാർത്തികപ്പള്ളിയും മാത്രമാണ്.

MR. CHAZHIKATTU JOSEPH : വൈക്കം താലൂക്കുകാർക്കു പടിഞ്ഞാറുഭാഗത്തുകൂടി യാത്ര ചെയ്യുന്നതു കൂടുതൽ സൗകര്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : കായൽ വഴി കൊച്ചിക്കും ആലപ്പുഴയ്ക്കും പോകാമെന്നല്ലാതെ ഉഠംനാട്ടിലെ ഗതാഗതത്തിനു എന്തു സൗകര്യമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ കായൽ സൗകര്യം കൊച്ചിക്കും ആലപ്പുഴക്കും പോകേണ്ട മീനച്ചിൽകാരനും കോട്ടയത്തുകാരനും വൈക്കത്തുകാരനും തുല്യമാണ്. മീനച്ചൽ താലൂക്കിന്റെ പൂഞ്ഞാർ പ്രദേശത്തെ രണ്ടാക്കികൊണ്ടു പാലാ അങ്ങാടിയുടെ തെക്കു വശത്തു വെള്ളിച്ചങ്ങലപോലെ വളഞ്ഞൊഴുകുന്ന മീനച്ചലാറുള്ളതു് മീനച്ചൽ താലൂക്കിൽ റോഡു വേണ്ടെന്നു പറയുവാൻ കാരണമാകുമോ എന്നു് മി. ചാഴികാടൻ തന്നെ ചിന്തിക്കേണ്ടതാണു്. വൈക്കത്തെ പ്രാദേശികാഭിവൃദ്ധിയിൽ ഏറ്റവും പ്രധാനമായി എനിക്കു ചൂണ്ടികാണിക്കുവാനുള്ളതു്—അനുവദിച്ചു കൊല്ലം ആവത്തിച്ചിട്ടുള്ളതു വീണ്ടും ആവത്തിക്കുവാനുള്ളതു്—കുമരകം വഴിയുള്ള കോട്ടയം—വൈയ്ക്കം റോഡു കാര്യമാണു്. എന്റെ മാന്യസ്നേഹിതൻ മി. വേലപ്പൻനായർ ഈ റോഡിന്റെ വ്യാവസായിക പ്രാധാന്യത്തെയും മറുംപറഞ്ഞു പ്രതിപാദിച്ചു കഴിഞ്ഞു. ഇപ്പോൾ കോട്ടയം മുതൽ കുമരകം വരെയുള്ള ഭാഗം കാർ സഞ്ചരിക്കത്തക്ക വിധത്തിൽ തീർന്നു കഴിഞ്ഞു. വൈയ്ക്കം മുതൽ വെച്ചൂർവരെയുള്ള ഭാഗവും തീർന്നു. ഇടയ്ക്കുള്ള നാലു മൈൽ രണ്ടു ഫർലോങ്ങാണു് ഇനി തീരുവാനുള്ളതു്. ഏകദേശം ഒരു ലക്ഷം രൂപയോളം ചെലവിട്ടതിനുശേഷം ഈ പ്രധാനപ്പെട്ട റോഡ് ഇങ്ങനെ കുട്ടി ഘടിപ്പിക്കാതിട്ടിരിക്കുന്നതു് ഡിപ്പാർട്ടുമെൻറിനു തുടർച്ചയായ ഒരു നയം ഇല്ലെന്നുള്ളതിനു തെളിവാണു്. ഈ സന്ദർഭത്തിൽ ഒരു കാര്യം കൂടി ഇതു സംബന്ധമായി പറയുവാൻ ഞാൻ മടിക്കുന്നില്ല. ഇനി പൊന്നംവില കൊടുത്തെടുക്കേണ്ട സ്ഥലം കോട്ടയം താലൂക്കിലെ സ്വാധീന ശക്തിയുള്ള ചിലരുടെ വകയായതുകൊണ്ടു പ്രവർത്തനത്തിൽ തണുപ്പു വരുന്നു എന്നു് ഒരു സംസാരം ഉണ്ടു്. അതു നേരായാലും കൊള്ളാം നേരല്ലെങ്കിലും കൊള്ളാം റോഡ് പൂർത്തിയാക്കുവാനുള്ള പൊന്നംവില നടപടി ഉടനേ തുടരേണ്ടതാണു്.

MR. CHAZHIKATTU JOSEPH : ആ സ്ഥലങ്ങൾ ആരുടെ വകയാണെന്നു പറയാമോ?

MR. K. R. NARAYANAN : ഇനി റോഡ് തുടങ്ങുവാനുള്ളതു് ഇവിടെ ആയുർവേദ ഡയറക്ടറുടെയിരുന്ന മൂസ്സതവർകളുടെ സ്ഥലത്തു കൂടിയാണു്. തുടരേണ്ടതു് രാജസഭാഭ്രഷണൻ മി. കെ. ചാണ്ടി, മി ബേക്കർ ഇവരുടെ സ്ഥലത്തു കൂടിയാണു്. ഈ അടുക്കം സ്വാധീന ശക്തിയുള്ളവരാണെന്നു് ജനങ്ങൾ ധരിച്ചിരിക്കുന്നതും പറയുന്നതും അബദ്ധമല്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇനി വൈയ്ക്കത്തെ വെള്ളത്തിന്റെ കാര്യം കൂടി പറഞ്ഞു കൊള്ളട്ടെ. ഈ വിഷയത്തെ സംബന്ധിച്ചും മി. വേലപ്പൻനായർ സംസാരിച്ചു കഴിഞ്ഞു. ടൗണിന്റെ പടിഞ്ഞാറു ഭാഗത്തു നോക്കെത്താത്ത വീതിയിലും നീളത്തിലും വെമ്പനാട്ടുകായൽ. ടൗണിന്റെ പല ഭാഗത്തും അഴുക്കു വെള്ളം കെട്ടിനിൽക്കുന്ന തോടുകൾ. വേനൽ കാലത്തു ഉപ്പുവെള്ളം. വർഷകാലത്തു ഏറ്റവും അഴുക്കുള്ളതും ഘനക്കുറവില്ലാത്തതുമായ വെള്ളം. പുരുക്കത്തിൽ ഒരു കവി പറഞ്ഞിട്ടുള്ളതു പോലെ "Water, water every where, not a drop to drink"

PRESIDENT : Order, Order, The quotation from Coleridge has no application to roads.

MR. K. R. NARAYANAN : സർ, ഞാൻ റോഡിനെ കുറിച്ചല്ല വൈയ്ക്കത്തെ വെള്ളം കിട്ടുവാനുള്ള പ്രയാസത്തെ കുറിച്ചാണ് പ്രതിപാദിച്ചതു്. വൈക്കത്തു നിന്നും രണ്ടര മൈൽ ദൂരമുള്ള തുറവേലിക്കുന്നിൽ നിന്നു് ശുദ്ധമായ വെള്ളം വൈയ്ക്കം ടൗണിൽകൊണ്ടുവരാം. ഈ വിഷയം ഗവണ്മെൻറിന്റെ അടിയന്തിരമായ ശ്രദ്ധയിൽ പെടേണ്ടതാണ്.

PRESIDENT : The Honorable member may walk away from water for the moment. We shall come to it later.

MR. K. R NARAYANAN : സർ, ഞാൻ റോഡിലേക്കുതന്നെ തിരിയാം. ദേവികുളത്തുനിന്നും പീരുമേട്ടിലേക്കു് ഒരു റോഡുണ്ടാക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ദേവികുളത്തുനിന്നും പീരുമേട്ടിൽ പോകേണ്ട ഒരുത്തൻ ഇപ്പോൾ ൧൪൫ മൈലാണ് കാറിൽ സഞ്ചരിക്കേണ്ടതു്. ദേവികുളം-പീരുമേടു റോഡു് തീർന്നാൽ ഈ യാത്രയുടെ ൯൦ മൈൽ ലാഭിക്കാം.

MR. I. C. CHACKO : ഇതിന്റെ പേലക്കായി ഈ ആണ്ടിലത്തെ ബഡ്ജറിൽ ഒരു തുക അനുവദിച്ചിട്ടുള്ളതറിയാമോ?

MR. K. R. NARAYANAN : ഇൻവെസ്റ്റിഗേഷൻ ഇനത്തിൽ കുറെ പണം അനുവദിച്ചിട്ടുള്ളതറിയാം. ഇതിനു മുമ്പും ഈ ഇനത്തിൽ പണം അനുവദിച്ചിരുന്നു. മുമ്പനുവദിച്ചിരുന്ന പണം ലാപ്സായതുപോലെ ഇപ്രാവശ്യമനുവദിച്ച പണവും ലാപ്സാകാതിരിക്കുവാൻ ഡിപ്പാർട്ടുമെൻറധികൃതന്മാർ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ ഈ സഭയുടെ അഭിപ്രായഗതി ഉപകരിക്കുമല്ലോ. ഇപ്പോൾ ദേവികുളത്തുനിന്നും ഉടുമ്പൻചോലവരെയും കുമളിയിൽനിന്നും വണ്ടൻമേടുവരെയും കാറുപോകുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

വിധത്തിൽ സാമാന്യമായ റോഡുണ്ട്. ബാക്കി ശേഷിക്കുന്ന ഫർ മൈലാണ് ഇനി സർവേ ചെയ്തു ജോലി ആരംഭിക്കേണ്ടതു്. സഹ്യപർവ്വതനിരയുടെ സാനുപ്രദേശങ്ങളിൽ കൂടിയുള്ള ഈ റോഡു അതിന്റെ ഇരുവശത്തുമുള്ള വിശാലമായ മലംപ്രദേശങ്ങളെ വിലയുള്ള ഭൂപ്രദേശങ്ങളാക്കി മാറും. ഇന്നു കാടും പടർപ്പുമായിക്കിടക്കുന്ന ആ വനപ്രദേശം ലക്ഷ്മീദേവിയുടെ പുഷ്പമാല്യങ്ങൾ ചാർത്തിയിട്ടുള്ള തലമുടിക്കെട്ടഴിച്ചിട്ടുള്ളതുപോലെ മാറുവാൻ ഈ പുതിയ റോഡ് തീർച്ചയായും ഉപകരിക്കും. സർ, അവസാനമായി എനിക്കു ഗവണ്മെൻറു ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് ചേർത്തല അലപ്പുഴ തോട്ടു കാര്യമാണ്. ഈ തോടിന്റെ ഏതാനും ഭാഗം വെട്ടി. മറുഭാഗം വെട്ടുവാൻ സ്ഥലം പൊന്നുംവില കൊടുത്തെടുത്തു. വെട്ടിയതിനും പൊന്നുംവിലകൊടുത്തു സ്ഥലം എടുത്തതിനും കൂടി ഒരു നല്ല സംഖ്യ ഗവണ്മെൻറിനു ചെലവുണ്ട്. ചേർത്തലയുടെ ഒരു ഭാഗം തുറക്കുവാനും വ്യവസായികമായി ചേർത്തലക്കുയർച്ചയുണ്ടാക്കുവാനും ഈതോടുവഴി സാധിക്കും. ഈ തോടിന്റെ പണി മുടങ്ങിയതു ചില അന്തർവാഹിനികളുടെ ഉരസലുകൾ കൊണ്ടാണെന്നും ചില മന്ത്രവാദികളുടെ മാന്ത്രികശക്തികൊണ്ടാണെന്നും പരക്കെ സംസാരമുണ്ട്. ഈ തോടു തീർന്നാൽ മുട്ടത്തു പള്ളിക്കാരുടെ കൈവശമുള്ള ചന്തസ്ഥലത്തിന്റെ പ്രാധാന്യം പോകുമെന്നു അവർ ധരിച്ചു് മുടക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു ജനാവലി വിശ്വസിച്ചു പോരുന്നു. ഒരു പള്ളിക്കാരുടെ ചന്തക്കുവേണ്ടി ബഹുമുഖങ്ങളായ ത്യാഗങ്ങൾ കിട്ടുന്ന തോടുവെട്ടു് മുടക്കരുതെന്നാണ് എനിക്കു ഗവണ്മെൻറിനോടു് പറയുവാനുള്ളതു്. പി. ഡബ്ലിയു. ഡി. ബോർഡുകാർ ഈ തോടുവെട്ടുകാര്യത്തിൽ സ്ഥലപരിശോധന നടത്തി അനുകൂലമായ റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ള കാര്യംകൂടി ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. Post war reconstruction കാര്യപരിപാടിയിൽ ഈ തോടിന്റെ കാര്യംകൂടി ഉൾപ്പെടുത്തുവാൻ അപേക്ഷിക്കുന്നു. ഡിപ്പാർട്ടുമെൻറിൽ പൊതുവേ വരുത്തേണ്ട ചില പരിഷ്കാരങ്ങളെയും മറു ചില പ്രാദേശികാവശ്യങ്ങളെയും കുറിച്ചാണല്ലോ ഞാനിതുവരെ പ്രതിപാദിച്ചതു്. തിരുവിതാംകൂറിന്റെ ഓരോ മുക്കും മൂലയുമറിയാവുന്ന നമ്മുടെ ചീഫ് എൻജിനീയർ ഈവക കാര്യങ്ങളിൽ പൂർവ്വാധികം താല്പര്യവും ശ്രദ്ധാശക്തിയും നിയന്ത്രണവും കാണിക്കുമെന്നു വിശ്വസിക്കുകയും കാണിക്കണമെന്നപേക്ഷിക്കയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. XAVIER VINCENT (*Ambalapuzha* cum *Shertalai*) : ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ ഒരു പ്രധാന വ്യവസായകേന്ദ്രമായ ആലപ്പുഴ പട്ടണത്തിൽ ദൈനംദിനം ആയിരം കണക്കിനു തൊഴിലാളികൾ മണലാരണ്യത്തിനു തുല്യമായ അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽനിന്നും പറക്കാൻ നിവൃത്തിയില്ലാതെ നീന്തുന്നതുപോലെ നടന്നുവരുന്നതു നാം ഒരിക്കൽ കണ്ടാൽ, നാട്ടെല്ലു വളഞ്ഞു ക്ഷീണിച്ചു തൊഴിലാളികൾ പോകുന്നതു കണ്ടാൽ അവരുടെ ആവശ്യത്തിനു ഉടനടി ഒരു പരിഹാരം അധികാരികൾ ഉണ്ടാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സഭയിൽ പല ഉപ റോഡുകളെപ്പറ്റിയും പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇപ്പോൾ വനരോദനമായി കരുതുന്ന ഈ സംഗതിയെ ഒന്നുകൂടി ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ. ഉപറോഡുകളെ പരിപൂർണ്ണമായ വിധം ഉപയോഗപ്പെടുത്തണമെങ്കിൽ ബീച്ചുറോഡുകൾ നടപ്പിൽ വരുത്തേണ്ടതാണ്.

ബ്രിട്ടീഷ് സ്ഥലങ്ങൾ ഇതിനിടക്ക് മൂന്നാലു സ്ഥലത്തുണ്ട്. ഇങ്ങനെ ഒരു റോഡ് വരുന്നതിന് ബഹുമാനപ്പെട്ട ബ്രിട്ടീഷ് ഗവണ്മെൻറു തടയുമെന്നു വിശ്വസിക്കുന്നില്ല. വൈദ്യസഹായം കൂടുതൽ ലഭിക്കുന്നതിന് ഈ തീരപ്രദേശങ്ങളിൽ നിവസിക്കുന്ന പാവപ്പെട്ട ജനങ്ങൾക്കു യാതൊരു സാദ്ധ്യതകളും ഇപ്പോഴില്ല. ഇതിനു കാരണം രോഗികളെ കൊണ്ടുവരുന്നതിനുള്ള വൈഷമ്യവും രോഗികൾക്കു താനേ നടന്നുപോകുന്നതിനുള്ള വിഷമവുമാണ്. അതുകൊണ്ടു ആരോഗ്യപരമായ കൂടുതൽ സൌകര്യത്തിനായിട്ടും വ്യവസായങ്ങളുടെ അഭിവൃദ്ധിക്കായിട്ടും മറ്റും ഈ റോഡുകളുടെ ആവശ്യകതയെപ്പറ്റി ഞാൻ ബഹുമാനപ്പെട്ട ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയെ സവിനയം ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ കൃഷിക്കാരാണ് തീരപ്രദേശങ്ങളിൽ ഉള്ളതു്. ഇവിടെ തെങ്ങുകൃഷിയാണ് ധാരാളം. ചൊരിമണലാണ് ഇവിടങ്ങളിലുള്ളതു്. വളം കൊണ്ടുവരേണ്ടതു കീഴക്കൻപ്രദേശങ്ങളിൽ നിന്നാണ്. അതിനാൽ ആവശ്യമുള്ള തോടുകളും റോഡുകളും ഈ ഗ്രാമപ്രദേശങ്ങളിൽ കൊടുക്കാതെ യാതൊരു നിവർത്തിയുമില്ല. മറെറാരു കാര്യം ഗവണ്മെൻറിൻെറ സത്വരശ്രദ്ധയിൽ പെടുത്തിട്ടുള്ള മത്സ്യവ്യവസായത്തിൻെറ വിപുലീകരണമാണ്. അതിനു തീരപ്രദേശങ്ങളിൽക്കൂടിയുള്ള ഈ റോഡ് നിമിത്തം ഈ വ്യവസായത്തിൻെറ പുരോഗമനത്തിനു കൊടുക്കാവുന്ന സഹായങ്ങളും സാദ്ധ്യതകളും ഗവണ്മെൻറിൽനിന്നും മനസ്സിലാക്കുമെന്നും അതിനു ഉടനടി ചീഫ് ഇഞ്ചിനീയർ ഒരു പരിഹാരം ഉണ്ടാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു മറെറാരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Xavier Vincent.]

ആലപ്പുഴ ചേർത്തല തോടിനെപ്പറ്റിയാണ് പ്രസ്താവിക്കുവാനുള്ളത്. അതിന്റെ പണി പൂർത്തിയാക്കാൻ ഇനിയും ആറ്, ഏഴ് മൈൽക്കൂടി വേണമെന്നാണ് എനിക്കു തോന്നുന്നത്. റിലീഫ് വക്കിനായിട്ട് മാറ്റി വച്ചിരുന്ന സംഖ്യ ഫ്രീ വ്യ്.ൽ ആണെന്നു വിശ്വസിക്കുന്നു.—മുഴുവനും അതിലേക്കുവേണ്ടിത്തന്നെ ചിലവഴിച്ചോ എന്നു എനിക്കു അറിവില്ല. ഏതായാലും അവിടത്തെ തൊഴിലില്ലായ്മക്കു പരിഹാരമായും ദാരിദ്ര്യത്തിനു നിവാരണമായും ഉള്ള ഒരു പദ്ധതിയാണ് ഈ തോടിന്റെ പൂർത്തീകരണം.

ഇക്കാര്യത്തിലും ബഹുമാനപ്പെട്ട ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

ഇനിയും എനിക്കു പ്രസ്താവിക്കാനുള്ളതു ചേർത്തലനിന്നും 8 മൈൽ പടിഞ്ഞാറു അർത്തുങ്കൽവരെയുള്ള റോഡിന്റെ കാര്യമാണ്. ആ റോഡിന്റെ പടിഞ്ഞാറേ അറ്റം ഒരു മൂന്നുമൈൽ ചെന്നശേഷം ഒരു കലുങ്കിന്റെ അഭാവമുണ്ട്. ഈ കലുങ്കിന്റെ അഭാവം നിമിത്തം ഈ റോഡിന്റെ ഉപയോഗം നടക്കുന്നില്ലെന്നുവേണം പറയാൻ. പ്രത്യേകിച്ചും ആ നാട്ടിലെ ക്രിസ്ത്യാനികൾക്കു വളരെ പ്രാധാന്യമുള്ള ഒരു ദേവാലയമാണ് അർത്തുങ്കൽ ഉള്ളതു്. ആ സ്ഥലത്തേക്കു പോകുന്നതിനും അവിടെ വിശേഷദിവസങ്ങളിലുള്ള വാണിജ്യസൌകര്യങ്ങൾക്കും തടസ്സം വരുത്തിക്കൊണ്ടിരിക്കുന്നതു ഈ റോഡിലെ മേൽപറഞ്ഞ കലുങ്കിന്റെ അഭാവം ആണ്. വളരെപ്രാവശ്യം ബഹുമാനപ്പെട്ട ഗവണ്മെന്റു മുമ്പാകെ ഈ കലുങ്കിന്റെ ആവശ്യത്തെപ്പറ്റി നാട്ടുകാർ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നു എനിക്കറിയാം. കേവലം തുച്ഛമായ ഒരു കാര്യത്തെപ്പറ്റി ഇടയ്ക്കിടയ്ക്കു പറയേണ്ടിവന്നതിൽ മനസ്താപിക്കുന്നു. അടുത്തഭാവിയിൽത്തന്നെ ബഹുമാനപ്പെട്ട ചീഫ് ഇഞ്ചിനീയർ അവർകൾ ഇക്കാര്യത്തിൽ വേണ്ട പരിഹാരം ചെയ്യുമെന്നു ഞാൻ വിശ്വസിച്ചുകൊള്ളുന്നു.

MR. V. I. IDIKULA (*Pathanamthitta*) : സർ, നാട്ടിൻപുറങ്ങളിൽ കൃഷി ചെയ്തു ഉണ്ടാക്കുന്നസാധനങ്ങൾ പട്ടണങ്ങളിൽകൊണ്ടുപോയി വിൽക്കുന്നതിനും മറ്റുമായി പുതിയ റോഡുകൾ തീക്കുന്നതിനും കൂടികൾ വെട്ടിയിരിക്കുന്ന പഴയ റോഡുകളിൽ വേണ്ടത്ര കലുങ്കുകളും പാലങ്ങളും മറ്റും നിർമ്മിച്ചു ഗതാഗതസൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ചീഫ് ഇഞ്ചിനീയർ അവർകളുടെ ശ്രദ്ധ പ്രത്യേകം പതിയണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. മറ്റു താലൂക്കുകളെ അപേക്ഷിച്ചു പത്തനംതിട്ട

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിൽ പി. ഡബ്ലയു. ഡി. വക്കുകം വളരെ കുറവാണെന്നാണ് എന്റെ അഭിപ്രായം. അവിടത്തെ ചിലറോഡുകളെ ചീഫ് ഇഞ്ചിനീയരുടെ ശ്രദ്ധയിൽകൊണ്ടുവന്നുകൊള്ളുന്നു. മാവേലിക്കര ശബരിമല വില്ലേജ് റോഡ് അനേകവർഷമായി കുടികടം വെട്ടിയിട്ടുള്ളതാണ്. ഈ റോഡിൽ കോഴഞ്ചേരിവരെയുള്ള ഭാഗം പൂർണ്ണമായി തീർന്നിട്ടുള്ളതും, കോഴഞ്ചേരിമുതൽ കിഴക്കോട്ടുപോകുന്ന സ്ഥലങ്ങളിൽ പാലങ്ങളും കലുങ്കുകളും തീർന്നിട്ടില്ലാത്തതിനാൽ നു മൈൽ ദൂരമുള്ള റാന്നിയിൽ ചെല്ലുണമെങ്കിൽ പത്തനംതിട്ട മുതലായ സ്ഥലങ്ങളിൽക്കൂടി ൬൦ മൈൽ വളഞ്ഞാണ് ഇപ്പോൾ പോകേണ്ടിയിരിക്കുന്നതു. അതുകൊണ്ട് മാവേലിക്കര കോഴഞ്ചേരിറോഡിൽ ചെറുകോൽ, റാന്നി, വടശേരിക്കര മുതലായ സ്ഥലങ്ങളിൽ പാലങ്ങളും കലുങ്കുകളും തീർത്തുകൊടുക്കേണ്ടതു അത്യാവശ്യമാണ്. ഈ സമയത്തു റാന്നിപകുതി തിരുവിതാംകൂർഗവണ്മെന്റിനെ വളരെ കൂടുതൽ പരിപോഷിപ്പിക്കുന്ന ഒരു പകുതിയാണെന്നു ഓർമ്മിക്കേണ്ടതാണ്. കുമ്പഴ കോന്നി വടക്കേക്കരറോഡ്, ഇതും കുടികടം വെട്ടിയിട്ടു വളരെ വർഷങ്ങൾ ആയിട്ടുണ്ടു. ധാരാളം ആളുകൾ നിവസിക്കുന്ന ഒരു പകുതിയാണ് കോന്നി. ഈ റോഡിന്റെ കാര്യത്തിലും ചീഫ് ഇഞ്ചിനിയരുടെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. റാന്നി മണിമലറോഡിൽ അഞ്ചാറുമൈൽ റോഡു ഇനിയും മെറ്റൽ ഇടേണ്ടതായിട്ടുണ്ടു്. യൂറോപ്യൻന്മാർ എസ്റ്റേറുകളിലേക്കു ഈ റോഡുവഴി ധാരാളമായി സഞ്ചരിക്കയും സാധനസാമഗ്രികൾ കൊണ്ടുപോകയും ചെയ്യുന്നുണ്ടു്. എന്നാൽ വർഷകാലത്തു ഈ റോഡിൽക്കൂടി ഒരുവിധത്തിലും വണ്ടികൾക്കു പോകാൻ സൗകര്യമില്ലാതിരിക്കയാണ്. ഇതിനെ സംബന്ധിച്ചു പല നിവേദനങ്ങളും ഗവണ്മെൻറിലേക്കു അയച്ചിട്ടുള്ളതായിട്ടാണ് അറിയുന്നതു്. ഈ റോഡിൽ മെറ്റൽ ഇടാത്തഭാഗംക്കൂടി കഴിയുന്നതും വേഗത്തിൽ മെറ്റലിട്ടു പൂർത്തിയാക്കേണ്ടതാണ്. ക്രടാതെ തിരുവല്ലാ റാന്നിറോഡും, റാന്നി കോട്ടയം റോഡുമായി സംഘടിപ്പിക്കത്തക്കവിധത്തിൽ റാന്നിയിൽ ഒരു പാലം ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു. ഗവണ്മെൻറിൽനിന്നും എടുത്തിരിക്കുന്ന റാന്നി അമ്മച്ചിക്കാട്ടുറോഡ് എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതു അത്യാവശ്യമാണ്. കോഴഞ്ചേരിയിൽ ഒരു വലിയ കമ്പോളവും അടുത്തതായി ഒരു പ്രധാന പള്ളിയും സ്ഥിതിചെയ്യുന്നുണ്ടു്. ഇപ്രകാരം പ്രാധാന്യം അർഹിക്കുന്ന ഈ റോഡിന്റെ ഇന്നത്തെസ്ഥിതി വളരെ പരിതാപകരമായിരിക്കുന്നു. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറിന്റേയും ഗവണ്മെൻറി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. I. Idikula.]

നേറയും ശ്രദ്ധ പ്രത്യേകം പതിയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഓമല്ലൂർ മഞ്ഞിനക്കര റോഡും പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. പുനലൂർ മുണ്ടക്കയം റോഡിൽ രണ്ടു പാലങ്ങളും ഉണ്ടാക്കേണ്ടതായിട്ടുണ്ടു്, ഇതു ഏറ്റവും പ്രധാനമായ ഒരു റോഡാണു്. ഇതിൽ റാന്നിക്കടവിലും കുമ്പഴക്കടവിലും രണ്ടു പാലങ്ങളും അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

MR. M. K. NILAKANTAN (*Mavelikara cum Kunnatnad*) : സർ, ബഹുമാന്യസ്നേഹിതൻ മി. ററി. പി. വേലായുധൻപിള്ള അവർകളും ഹാജരാക്കിയ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്നതു് മാവേലിക്കര കുന്നത്തൂർ ഉൾപ്പെട്ട മദ്ധ്യതിരുവിതാംകൂറിലെ രണ്ടു താലൂക്കുകളെയാണു്. മാവേലിക്കര താലൂക്കിനു ചരിത്രപരമായ പ്രാധാന്യം ഉണ്ടെന്നുള്ള സംഗതി ഞാൻ പ്രത്യേകം ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഭൂമിശാസ്ത്രപരമായ ഈ താലൂക്കുകളുടെ സ്ഥിതിയെ സംബന്ധിച്ചു് ഒന്നുരണ്ടു വാക്കുകൾ ഇവിടെ പറയാതിരിക്കാൻ നിർവാഹമില്ല. മാവേലിക്കര താലൂക്കിൽ ഏതാണ്ടു ഭാഗങ്ങളിൽക്കൂടി അച്ചൻകോവിലാറു് ഒഴുകിപ്പോകുന്നുണ്ടു്. അതുപോലെതന്നെ കുന്നത്തൂർതാലൂക്കിന്റെ രണ്ടുവശങ്ങളിൽക്കൂടി ആ താലൂക്കിനെ സ്പർശിച്ചുകൊണ്ടു് രണ്ടു ആറുകൾ ഒഴുകുന്നുണ്ടു്. ഈ രണ്ടു് ആറുകളും ജലമാർഗ്ഗേണയുള്ള ഗതാഗതത്തിനു് ഉപയോഗപ്രദങ്ങളല്ല. ഒരു സ്ഥലത്തിന്റെ കച്ചവടപരമായ അഭിവൃദ്ധി ജലമാർഗ്ഗേണയുള്ള ഗതാഗതത്തെ അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതു്. കുന്നത്തൂർ താലൂക്കിന്റെ പ്രധാനസ്ഥലമായ അടൂർനിന്നും കായംകുളത്തേക്കു് ഏന്നു മൈൽ ദൂരമുണ്ടു്. തെക്കേഅറ്റമായ പട്ടാകടവിലേക്കു് അതായതു് അഷ്ടമുടിക്കായലിന്റെ ഒരു ഭാഗത്തേക്കു് ഏർ മൈൽ ദൂരമുണ്ടു്. അടൂർ നിന്നു കല്ലടയാറിന്റെ ഒരു ഭാഗത്തേക്കു്-വള്ളംവഴി സഞ്ചരിക്കാവുന്ന ഒരു ഭാഗത്തേക്കു് ഏഒ മൈൽ ദൂരമുണ്ടു്. ഞാൻ മുമ്പിൽ പറഞ്ഞ പട്ടാകടവിലേക്കും ചീക്കൽക്കടവു് എന്നു പറയപ്പെടുന്ന സ്ഥലത്തേക്കും റോഡുകൾ അടൂർനിന്നും ഉണ്ടു്. ഈ റോഡുകൾ യാതൊരു വിധത്തിലും വാഹനങ്ങൾക്കും മനുഷ്യർക്കുതന്നെയും സഞ്ചരിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ അധഃപതിച്ചു കിടക്കുന്നു എന്നുള്ള സംഗതി ചീഫ് ഇഞ്ചിനീയർ അവർകളുടെ ശ്രദ്ധയിൽപെടുത്തിക്കൊള്ളട്ടെ. ഈ രണ്ടു പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും നന്നാക്കുന്നതോടുകൂടി, അവയുടെ സംരക്ഷണം ഗവ ണ്മെൻറിൽനിന്നും ഏറെറടുക്കുന്നതോടുകൂടി കുന്നത്തൂർതാലൂക്കിലെ കച്ച വടം വളരെ അഭിവൃദ്ധിപ്പെട്ടുവാനിടയുണ്ട്. അട്ടരിനടുത്തു് ഏറെറവും പ്രാധാന്യവും പഴക്കവും അർഹിക്കുന്ന ഒരു ചന്തയുണ്ട്. ആ ചന്തയി ലേക്കു സാമാനങ്ങൾ കായംകുളത്തുനിന്നും കാളവണ്ടിയിലാണു കൊണ്ടു വരു ന്നതു്. ആഴ്ചയിൽ രണ്ടു ചന്തയാണുള്ളതു്. ഒരു ചന്തയ്ക്കുതന്നെ ൪൦൦ കാളവണ്ടിയിൽ ചരക്കുകൾ കൊണ്ടുവരുന്നുണ്ടു്. ഈ പറക്കോട്ടു മാക്ക റിൽനിന്നും സമീപസ്ഥലങ്ങളിലേക്കെല്ലാം സാധനങ്ങൾ വിതരണംനട ത്തുന്നുണ്ടു്. മദ്ധ്യതിരുവിതാംകൂറിലെ വാണിജ്യപരമായി ഏറെറവും പ്രധാ ന്യമുള്ള ഒരു സ്ഥലമായിട്ടാണു് ഈ പറക്കോട്ടു് സ്ഥിതിചെയ്യുന്നതു്. ഈ സ്ഥലത്തിനു് കാർഷികകച്ചവടപ്രധാനമായ പ്രദേശങ്ങളും ആയി ബന്ധ മുണ്ടായിരിക്കുക എന്നുള്ളതു് ഏറെറവും അത്യാവശ്യമായ കാര്യമാണു്. അതുകൊണ്ടു് ഈ റോഡുകൾ മെറെറലിട്ടു് ന്യായമായ തരത്തിൽ ഗതാ ഗതം ചെയ്യുന്നതിനു് ഉപയോഗപ്രദമായ വിധത്തിൽ സംരക്ഷിക്കുന്ന തിനു് ഡിപ്പാർട്ടുമെൻറിൻെറ പ്രത്യേകമായ ശ്രദ്ധ ഉണ്ടാകണമെന്നു് ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. അതുപോലെതന്നെ അട്ടരിൽനിന്നും കൊല്ല ത്തേക്കു വരുന്നതിനു് എം. സി. റോഡുവഴി കൊട്ടാരക്കരവന്നിട്ടു കൊല്ല ത്തേക്കു് വരുകയാണെങ്കിൽ ൨൫ മൈൽ ദൂരം ഉണ്ടു്. ചീക്കൽകട വിൽ ഒരു പാലം ഉണ്ടായികഴിഞ്ഞാൽ ൧൫ മൈൽ ദൂരം യാത്രചെയ്യു മ്പോൾ കൊല്ലത്തെത്താവുന്നതാണു്. പട്ടകടവിലേക്കുള്ള റോഡുനന്നാ യികഴിഞ്ഞാൽ ജലമാർഗ്ഗേണ അഷ്ടമുടിക്കായലിൽക്കൂടി നിഷ്പ്രയാസം കൊല്ലത്തെത്താം.

ഇനി മാവേലിക്കരതാലൂക്കിലേയും കുന്നത്തൂർതാലൂക്കിലേയും സാമാ ന്യറോഡുകളെ സംബന്ധിച്ചാണു് എനിക്കു പറയാനുള്ളതു്. കായം കുളം പത്തനാപുരം റോഡിൽ മൂന്നാമത്തെ മൈൽകുറ്റിവരെയുള്ള റോഡിൻെറ സ്ഥിതി എത്ര ശോചനീയമാണെന്നുകണ്ടറിയേണ്ടിയിരി ക്കുന്നു. ഈ റോഡ് മെറെറൽചെയ്തു സംരക്ഷിക്കപ്പെടുന്ന ഒരു റോഡാ ണു്. ഈ മൂന്നു മൈൽ ഒരു തരത്തിലും വണ്ടിക്കും മറു വാഹന ങ്ങൾക്കും പോകാൻ പാടില്ലാത്തതരത്തിൽ അത്ര വിഷമസ്ഥിതിയിൽ കിടക്കുന്നു എന്നുള്ള സംഗതി ഞാൻ ഡിപ്പാർട്ടുമെൻറിൻെറ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവന്നു കൊള്ളുന്നു. ഇതു് കായംകുളം മുൻസിപ്പൽ അതൃത്തിയിലുൾപ്പെട്ട ഭാഗമാണെന്നുകൂടി ഞാൻ അറിയുന്നുണ്ടു്. കായം കുളം പത്തനാപുരം റോഡിൽനിന്നും മാവേലിക്കരക്കുള്ളതായ ഉപറോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Nilakantan.]

ഡുകൾ മുഴുവൻ ന്യായമായ തരത്തിൽ സംരക്ഷണം ഇല്ലാതെ കിടക്കുന്നവയാണ്. ആ റോഡുകളിൽ പല സ്ഥലത്തും പലപാലങ്ങളും കലുങ്കുകളും ഉണ്ടാക്കി നന്നാക്കേണ്ടിയിരിക്കുന്നു. മറ്റു ചില റോഡുകൾ വർഷകാലത്താണെങ്കിൽ ഏകദേശം ഒരടിവരെ പുതയുമെന്ന് എനിക്കറിവുള്ളപ്പെട്ടിട്ടുണ്ട്. അതു മിക്കവാറും മണൽപ്രദേശങ്ങളിലാണ്. ആ റോഡ് മെറ്റൽചെയ്തു സൂക്ഷിച്ചില്ലെങ്കിൽ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല; അതുപോലെ തന്നെ കുന്നത്തൂർ താലൂക്കിലെ പല പ്രധാനപ്പെട്ട റോഡുകളെ സംബന്ധിച്ചും എനിക്കു പറയുവാനുണ്ട്. ചാത്തംമൂട്ടിൽനിന്നും ശാസ്താംകോട്ടയ്ക്കു ഒരു റോഡുണ്ട്. ആ റോഡിൽ കുറെ കലുങ്ക് മുറിഞ്ഞുപോയതുകൊണ്ട് ഏകദേശം ൪ മാസക്കാലമായിട്ട് വാഹനങ്ങൾക്കു പോകുന്നതിന് സൗകര്യമില്ലാത്ത വിധത്തിൽ കിടക്കുകയാണ്. ഒരു കലുങ്ക് എന്നുപറഞ്ഞാൽ അതു ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിന് വേണ്ടി വരുന്ന ചെലവിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. അതിൽതന്നെയും ഡിപ്പാർട്ടുമെന്റു ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ചന്ദനപ്പള്ളിയിൽനിന്നും കുടലിലേക്ക് ഒരു റോഡുണ്ട്. അതു ഡിപ്പാർട്ടുമെന്റിന്റെ സംരക്ഷണത്തിൽ എടുത്തു കഴിഞ്ഞിട്ട് ഇപ്പോൾ ൪ കൊല്ലത്തിൽ അധികമായി എങ്കിലും ഇപ്പോഴും ആ റോഡുകൊണ്ടു പറയത്തക്കപ്രയോജനം ഉണ്ടായിട്ടില്ല.

ഇനി എനിക്കു പറയുവാനുള്ളതു് അടൂർ കച്ചേരിക്കടുത്തു് മലയാളം സ്കൂളിനു് മൻവശത്തുള്ള ഒരു കുളത്തിനെ സംബന്ധിച്ചാണ്. ഈ കുളത്തിനുവേണ്ടി എസ്റ്റിമേറു് രണ്ടുമൂന്നുകൊല്ലം മുമ്പു് തയ്യാറാക്കുകയും അതു് ലാപ്സ് ആയിപോകുകയും ചെയ്തതായിട്ടാണ് എന്റെ അറിവു്. ആയിരത്തിൽപരം കൊച്ചുകുട്ടികൾ പഠിക്കുന്ന സ്കൂളാണ് അവിടെയുള്ളതു്. ഈ കുളത്തിനു് ഏകദേശം ഒരേക്കർ വിസ്തീർണ്ണവും വളരെ ആഴവും ഉണ്ടു്. ഇതു് സംരക്ഷണം ചെയ്തു ഉപയോഗിക്കുന്നതു് നാട്ടിനു് ആരോഗ്യപ്രദവും യാദൃച്ഛികമായി കുട്ടികൾക്കു്. അപകടം പറ്റാതെ ഇരിക്കുന്നതിനുപയുക്തവുമാണ്. ഇതിനുവേണ്ടുതന്നെ ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു പുതിയ ക്ഷേത്രം സ്ഥാപിക്കുന്നതിനു് എസ്റ്റിമേറും ഉണ്ടായിട്ടുണ്ടു്. അതിനാൽ ഈ കുളത്തിന്റെ സംഗതി പ്രത്യേകമായിട്ടു് ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കുന്നത്തൂർ ടൗണിന്റെ നടുവിലായി ഒരു കളിത്തട്ട് സ്ഥിതിചെയ്യുന്നുണ്ട്. അത് ആ സ്ഥലത്തുള്ള ആളുകൾക്കു വളരെ ഉപദ്രവകരമായിരിക്കുന്നു എന്നുള്ള സംഗതിക്ക് പബ്ലിക്കിന്റെ മെമ്മോറിയലുകളും യോഗനിശ്ചയങ്ങളും ഗവണ്മെൻറിലേക്കയച്ചിട്ടുണ്ട്. ഈ കളിത്തട്ടിൽ എപ്പോഴും പകർച്ചവ്യാധികളുള്ളതായ ഫ ഠ ം, ഫ വ ം, രോഗികളെ കാണാൻ കഴിയും. പലപ്പോഴും ഇവരിൽ ഒന്നും രണ്ടും അവിടെ കിടന്നു മരിക്കുന്നതുമുണ്ട്. ഇതു താലൂക്കു അധികൃതർക്കുതന്നെ ഉപദ്രവകരമായി തീർന്നിട്ടുണ്ട്. ഇതിനടുത്തു് എൻ. എസ്. എസ്, എസ്. എൻ. ഡി. പി. സ്ഥാപനങ്ങളും, അഞ്ചലാഫീസ്, ആശുപത്രി എന്നിവയുകളും സ്ഥിതിചെയ്യുന്നുണ്ട് ഈ കളിത്തട്ട് നിമിത്തമുള്ള ഉപദ്രവംകൊണ്ട് അവിടത്തെ ആളുകൾക്കു വിഷമം കൂടാതെ കഴിഞ്ഞുകൂടുന്നതിന് സാധിക്കാതെയാണിരിക്കുന്നതു്. അതു് അവിടെനിന്നും മാറ്റി വേറെ എവിടെയെങ്കിലും സ്ഥാപിക്കുക എന്നുള്ളതു് വളരെഅത്യാവശ്യമായ ഒരു കാര്യമാണ്. അതുപോലെതന്നെ അടൂർ ടൗണിന്റെ സൗകര്യത്തിനുവേണ്ടി ഒന്നരണ്ടു ചെറിയ റോഡുകൾ ഡിപ്പാർട്ടുമെൻറിൽനിന്നും പുതുതായി വെട്ടി ആ ടൗണിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള നിവേദനങ്ങൾ അവടെനിന്നും യോഗങ്ങൾ മുഖേനയും മെമ്മോറിയലുകൾ മുഖേനയും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ദിവാൻ സർ ഹബീബുള്ള യുടെ കാലത്തു് അദ്ദേഹം ആ സ്ഥലം സന്ദർശിച്ചപ്പോൾ, ഫ ഠ ം-ൽ ആയിരിക്കണം, ഒരു മെമ്മോറിയൽ കൊടുത്തിട്ടുണ്ട്. അതിൽ പല കാര്യങ്ങളും സാധിച്ചിട്ടുണ്ടെന്നാണ് തോന്നുന്നതു്. ഇനിയും പലതും നിറവേറ്റാനായിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം ഗവണ്മെൻറിന്റേയും ഡിപ്പാർട്ടുമെൻറിന്റെയും ശ്രദ്ധയിൽപെടണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. T. MICHAEL: Sir, I have to bring to the notice of this House and the Government the pitiable condition of the roads in the Changanacherry taluk. In that taluk the main means of communication are the roads and they are really in a very bad condition. It is no exaggeration to say that they are mostly unfit for vehicular or even pedestrain traffic. Attention of the department has been invited to certain roads by the Honarable member Mr. Kesavan Nair. I shall advert to one or two other roads. There is a small road, two or three miles long, which starts fromChanganacherry and goes up to Paipad. A culvert has to be constructed and certain portions of the road have to be widened. If these are done it will be of great use to the inhabitants of that place.

LIBRARY ARCHIVES Kerala Legislative Assembly

MR. I. C. CHACKO : Is the honourable member aware that an estimate has already been sanctioned for that work and lands required for widening have already been acquired and taken up by the Department?

MR. K. T. MICHAEL : I know that last year also Government had sanctioned a certain amount of money but nothing was done. And that is why I am bringing forward this fact again to the notice of the Government.

I may also invite the attention of the Department towards the Mundakayam Ranni Road. It has been constructed for the last so many years. But it is not yet fit for vehicular traffic owing to want of a bridge and one or two culverts. It is a short-cut which will result in a great gain in the cost of transport of hill produce from Mundakayam to Cochin harbour and also Alleppey. The bridge is a small one to be constructed across a small thodu called Manjalaruvi. I would invite the attention of the Department to the construction of the bridge which will be of very great use to the agricultural population in those parts especially at this time of great difficulty in transport. Attention was drawn by the honourable member Mr. Kesavan Nair about the Manimala bridge. It is a low level bridge. It has resulted in very serious disadvantage to the public. Traffic by canoes is possible up to 5 or 6 miles up the river. During rainy season water will be flowing over the bridge owing to its low level making traffic by canoes impossible. During dry season the channel is not sufficiently deep for boats. Therefore traffic for over 5 miles up that bridge is very much handicapped. The reconstruction of the bridge will be very useful. I hope the Department will take up that matter into consideration.

Erumeli has become a very important place as an agricultural centre as well as a resting place for the Sabarimala pilgrims. At Erumeli there is a river to cross and the construction of a bridge over it will be of immense use to the public and the pilgrims. Therefore I would urge the necessity for the construction of that bridge as well.

Another important item of work about which I wish to speak is the construction of a building for the Kanjirapally Sirkar High School. That School was started in 1084 as a Lower Grade Secondary School. Lands were acquired by the people and a temporary shed was put up. It was intended to last for 7 or 8 years. But it has now lasted over 35 years. The construction of that shed was very flimsy and the building is now in a rotten stage. There is no knowing when it will tumble down. About 10 years ago the school was raised into a High School. People acquired additional lands for the purpose and they put up additional temporary structures. The school is now being run in those sheds.

LIBRARY ARCHIVES Kerala Legislative Assembly

There is not sufficient space for the sheds. The one that was originally constructed is absolutely useless and fit to be condemned. In the whole of Kottayam, Changanacherry, Meenachil and Peermade taluks this is the only Sirkar High School. There are a number of grant-in-aid High Schools all round it that are better housed and equipped. The condition of this Sirkar School is a scandal to these other schools run by private agencies. A certain standard is expected of all schools and when the Sirkar School does not approach it, how can the Sirkar legitimately expect the aided schools to come up to it? In fact this school ought to serve as a model school in that locality. I earnestly urge that the question of the construction of the permanent building for the school be seriously considered.

MR. K. A. MATHEW: Sir, I have great pleasure to support Mr. Velayudhan Pillai's motion. I wish to bring to the notice of Government the needs of the ryots' roads in the Taluk of Thiruvalla. Sir, the network of these ryots' roads in the Taluk of Thiruvalla is certainly an unique example of the co-operation of the people and also a unique example of the initiative taken by them. These roads were constructed with the hope that Government would take them and maintain them. About 400 miles of roads have been constructed in this Taluk, but I am sorry to note that a good portion of these roads is left uncared for by the Department though there was a promise that they will be maintained by the Government. Sometime ago a special P. W. D. section was opened at Vennikulam to look after the roads in the eastern pakuthies of the Taluk. But later on it was abolished and the roads were left to ruin. We request that the Vennikulam Section be restored.

MR. P. K. KURIAKOSE: May I know whether the ryots have constructed any bridges or culverts?

MR. K. A. MATHEW: The culverts and bridges are to be constructed by the Government when they take up the maintenance of these roads. There are roads in this taluk which are 30 years old and which have never been attended to by Government. There is for instance the Ayroor 12th mile P. C. Road to [illegible]. For the last 30 years I understand this road has not been attended to by the Department.

Now there is no rational principle followed in sanctioning maintenance grants for the ryots' roads. It is not easy to maintain the roads in these days of scarcity of materials and high cost. The present rate of maintenance grant ranges from 25 rupees to 50 rupees per mile. This is very insufficient. Government must be able to grant Rs. 150 per mile in maintaining these roads. I hope that the Government would see that within the next 5 years these roads are completed and kept in good order.

My colleagues from Thiruvalla, Mr. Velayudhan Pillai and Mr. Sankara Pillai, adverted to some important works which have to be done in our Taluk. I want to join hands with them and press

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

home to Government the necessity of taking up these very important works. Besides these I just want to mention a very important piece of work urgently needed to be carried out in Thiruvalla. There is a crossing which is known as the Peringara crossing on the western limit of the Thiruvalla Municipal Town. For a long time now the people of the place have been asking Government for a bridge over this ferry connecting the town with this moffusil area. On both sides of the river there are schools attended by large number of boys and girls. People who are living on the other side of the river have to come to the Thiruvalla town market, the Munsiff's Court, Taluk Offices, hospitals and other public institutions; I would like Government to see that a bridge is constructed there. Sometime back an amount was provided in the budget and it lapsed. There is no use in putting any amount in the budget unless the Government especially their subordinates are going to look into these things and carry out the work. May I request the Department to see that thiswork is carried out during the course of this year.

There is a road called the Kavumbhagom-Izhingalom Road. It is a ryots' road which is very badly kept. If the Department pays some attention to it and keeps it in order, it will open a very convenient communication with Changanacherry market. I would draw the attention of the Government to the Kaviyoor-Puliparakadavu road, the Cherukopuzha-Ranni road, the Kunnanthanam-Ezhumattoor road, Ala trace, Edavangad-Ala road, Ennakattu-Chengannoor-Mavelikara road, and the Thiruvalla-Mavelikara road. The last named road is a very important road connecting Thiruvalla with Mavelikara. There are two bridges to be constructed in this line, and if the construction of these bridges are undertaken then the traffic from Thiruvalla to Mavelikara and from there to Quilon will be much more easy. If these needs of the people are to be met the Department has to take some personal interest in the needs of the people. If these improvements are allowed to be carried out with the readtapism that is usual, or if they are allowed to take their own time, then nothing will be possible. We would like to see that the officers take a more human interest in the affairs of the people. I hope the drive of the Government will be behind them to see that these needs are attended to as expeditiously as possible.

MR. CHAZHIKATTU JOSEPH: സർ, ഞങ്ങളുടെ മല്ലപ്പള്ളി ഇരിക്കുന്ന ബഡ്ജറിൽ ഫ ഫ ക ഠ-ാമാണ്ടത്തേക്ക് ഏകദേശം വ ർ ലക്ഷം രൂപ പൊതുജനങ്ങളുടെ ഉപയോഗത്തിനായിട്ട റോഡുകൾ, കിണറുകൾ, പാലങ്ങൾ മുതലായവ ഉണ്ടാക്കുന്നതിനും, നന്നാക്കുന്നതിനുമായിട്ട് നീക്കി വച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ മൻകാലങ്ങളിലെ ഒരു പതിവ്

LIBRARY ARCHIVES Kerala Legislative Assembly

എങ്ങിനെ എന്നാൽ, ബഡ്ജറ്റ് സമ്മേളനത്തിനായി വന്നുകൂടുന്ന ജന പ്രതിനിധികളുടെ ആശ്വാസത്തിനും അവരുടെ കണ്ണിൽ മണ്ണിടുവാനു മായി ഈ കാര്യങ്ങൾക്ക് വലിയ വലിയ തുകകൾ ആണ്ടാരംഭത്തിൽ കാണിക്കുകയും ഒടുവിൽ ഇതിൽ ശ്രദ്ധിക്കാതെ ലാപ്സായി എന്നു പറഞ്ഞു മുതൽ കൂട്ടുകയുമാണു ചെയ്യുവരുന്നത്.

PRESIDENT: I find now that about ten honourable members wish to speak. Obviously, honourable members have made these observations with a view to get some kind of satisfactory answer or treatment of the subject from the Chief Engineer. Therefore, with the leave of the House, I propose to allow the Chief Engineer something like forty or forty-five minutes, because unless he is given so much time he will not be able to do justice to the subject. I would further ask the honourable members not to take more than five minutes each in order that adequate answers may be given to the points raised.

MR. CHAZHIKATTU JOSEPH: ഓരോ മെമ്പറന്മാക്കും സംസാരിക്കുന്നതിനുള്ള സമയം വെറും ഫ 0 മിനിട്ടാക്കിയതു കൊണ്ടും പോരാത്തതാകുന്നു. എന്നാൽ ചിലക്ക് ഫ 0 മിനിട്ടും മറ്റു ചിലക്ക് ഈ മിനിട്ടും കൊടുക്കുന്നതിന്റെ ഔചിത്യം.....

PRESIDENT: Order, order. It is quite open to honourable members to take the full time. I have finished all those honourable members who had given cut motions. I could not possibly keep away, anyone of them because they were all entitled to be heard. Mr. Joseph has not given any cut motion and so he is not entitled to the full time of ten minutes. But, at the same time, I am giving an opportunity to all honourable members who have not given cut motions but who may care to speak.

MR. CHAZHIKATTU JOSEPH: ഏകദേശം ര് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ സങ്കടങ്ങളെ പറയാനായി ഇവിടെവന്ന അവസരത്തിൽ....

PRESIDENT: Order, order. I will not recognise that kind of statement which has been made more than once by the honourable member. Whether a person represents fifty people or fifty thousand people, he is still a representative of the people. I am here reminded of Gladstone's statement on a memorable occasion on which one person said that another honourable member represented only fifteen people. He said that his electorate is fifteen, whereupon Mr. Gladstone said that whether he represents fifteen or fifteen million people he is entitled to no different treatment. The fact that the honourable member represents four lakhs is absolutely immaterial so far as this House is concerned.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH : സർ, ഫ 0 പേരോ ഫ ൫ പേരേ പ്രതിനിധീകരിക്കട്ടെ. അല്ലെങ്കിൽ അതിലും അധികംപേർ പ്രതിനിധീകരിക്കട്ടെ. എങ്കിലും ഉള്ള സങ്കടത്തെ പറയുന്നതിനുള്ള അവസരത്തന്നില്ലെങ്കിൽവളരെ കഷ്ടമാണ്.

PRESIDENT : Does the honourable member think that sufficient chance to speak was not given or, what is the charge that he makes ?

MR. CHAZHIKATTU JOSEPH : പറയാനുള്ളതു മുഴുവൻ പറയുന്നതിന് ൫ മിനിട്ടുകൊണ്ടു സാധിക്കയില്ലതന്നെ. കൂടുതൽ സമയംവേണം.

PRESIDENT : But I don't think that if that was the case the honourable member has a right to say what he did in the previous sentence. The Chair has been trying to make it possible to give equal chance to all the honourable members. I am now reminded of the fact that it has been declared that every member moving a motion and the official members who have the right to reply are allowed ten minutes each and every other member only five minutes. Therefore, if the honourable member wants more than five minutes, I will have to stretch the rule in his favour.

MR. CHAZHIKATTU JOSEPH : ഡിപ്പാർട്ടുമെൻറു മേലധികാരികളെക്കാളധികം ദിവാൻജി ഇതിൽ കുറക്കാരനാണ്. അതായതു വർഷത്തേക്കു അനുവദിച്ചിട്ടുള്ള പണം ചെലവാക്കാതെ വല്ല കാരണവും പറഞ്ഞു നീട്ടിവച്ചു ലാപ്സാക്കിക്കളയുന്നതു വലിയ കഷ്ടമാണ്. അതു ദിവാൻജി കൂടി അറിഞ്ഞതാണ്. ഗവൺമെൻറിൻെറ ഭാഗത്തുവല്ല വീഴ്ചകളും വന്നപക്ഷം ഡിപ്പാർട്ടുമെൻറും അതിനോടൊപ്പം ദിവാൻജിയും ഉത്തരവാദിയാണെന്നു ദിവാൻപ്രസിഡൻറവർകളും ഈ ഹൗസിൽ ചെയ്ത പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിയാണു ദിവാൻജിയും ഇതിൽ കുറക്കാരനാണെന്നു ഞാൻ പറഞ്ഞതു്. അനുവദിച്ചിട്ടുള്ള പണം ചെലവുചെയ്യാതെ വച്ചിട്ടു് ഒരു ജോലിയും ചെയ്യാതെ ആണ്ടവസാനത്തിൽ വല്ല ഒഴികഴിവും പറഞ്ഞു പണം ലാപ്സാക്കുകയും അത്യാവശ്യമുള്ള റോഡുകളുടെയൊ കളങ്ങളുടെയൊ കാര്യങ്ങളെക്കുറിച്ചു ചോദിക്കുമ്പോൾ, എസ്റ്റിമേറു് തയാറായില്ല, ജോലിക്കുടുതലാണു, റെയിറു കുറവാണു്, ഗവൺമെൻറു പണം അനുവദിച്ചില്ല എന്നെല്ലാം പറഞ്ഞു് മറിഞ്ഞുകളയുകയാണു ചെയ്യുന്നതു്. എട്ടും പത്തും കൊല്ലങ്ങൾക്കു മുൻപു് എസ്റ്റിമേറു തയാറാക്കിയതും പണി ആരംഭിച്ചിട്ടുള്ളതും ആയ പല പണികളും ഇനിയും പൂർത്തിയാക്കാതെയാണിരിക്കുന്നതു്. ദിവാൻജി ഇതെല്ലാം കർശനമായി നിഷ്കർഷിച്ചിരുന്നുവെങ്കിൽ ഇങ്ങനെ വരികയില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചേത്തലയിൽനിന്നും ആലപ്പുഴ നിന്നും കൊച്ചിയിലേയ്ക്കുള്ള റോഡുതീർക്കണമെന്ന ദിവാൻ മി. മൊറീസ് വാട്ട്സ് തീരുമാനിച്ചു. അന്നത്തെ ചീഫ് എഞ്ചിനീയർ മിസ്റ്റർ നടേശഅയ്യരായിരുന്നെന്നു തോന്നുന്നു. അദ്ദേഹത്തെ വിളിച്ചു ആലപ്പുഴ-കൊച്ചി റോഡ് ഈ ആണ്ട് കക്കടകം സ്റ്റേഷനാക്കു മുൻപു തീർക്കണമെന്നു പറഞ്ഞു. ചീഫ് എഞ്ചിനീയർ ചില വിഷമങ്ങൾ പറഞ്ഞു; ചീഫ്എഞ്ചിനീയരെ മാറ്റണമൊ, റോഡു തീർക്കുന്നൊ എന്നു മി.വാട്ട്സ് ചോദിച്ചു. റോഡ് കക്കടകം സ്റ്റേഷനാക്കു തുറന്നുകൊള്ളണമെന്നു കർശനമായി ഉത്തരവുകൊടുത്തു; റോഡ് അതു തീയതിയിൽ തീരുകയും ചെയ്തു. ഇതുപോലെ നെപ്പോളിയൻ ഒരിക്കൽ ചെയ്തതായി ഞാൻ വായിച്ചിട്ടുണ്ട്. ഫ വ ൦ ള-ൽ ആസ്പ്രലിറ്റ്സ് യുദ്ധത്തിനു തലേ ദിവസമാണെന്നുതോന്നുന്നു. നെപ്പോളിയൻ ഒരു സൈന്യത്തെ ഡാന്യൂബു നദിയുടെ അക്കരെ കടത്തേണ്ടിയിരുന്നു. നെപ്പോളിയന്റെ ചീഫ് എഞ്ചിനീയരെ വിളിച്ചു ഡാന്യൂബ നദിയിൽ ഒരു രാത്രികൊണ്ടു ഒരു പാലം തീർക്കണമെന്നു പറഞ്ഞു. ഒരു രാത്രികൊണ്ടു പാലം തീർക്കാൻ പ്രയാസമാണെന്ന് ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു. നെപ്പോളിയൻ കോപിച്ചു "Ask me men and money but never ask me time", എന്നു പറഞ്ഞു പ്രഭാതമായപ്പോഴെയ്ക്കും പാലം തീരുകയും നെപ്പോളിയന്റെ സൈന്യങ്ങൾഅക്കരെ കടക്കുകയും ചെയ്തു.

MR. M. L. JANARDHANAN PILLAI : ആ റോഡ് മി. വാട്സിന്റെ കാലത്താണ് പൂർത്തിയാക്കിയതെങ്കിലും തുടങ്ങിയതു് മി. രാഘവയ്യായുടെ കാലത്താണെന്നുള്ള വിവരം മെമ്പർക്കറിയാമോ ?

MR. CHAZHIKATTU JOSEPH : ഇപ്പോൾ അങ്ങു് പറഞ്ഞറിഞ്ഞു. എതായാലും ദിവാൻജി നിഷ്കർഷിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇപ്രകാരം വരികയില്ലായിരുന്നു. ൻ ൦ ലക്ഷം, ഒന്നരക്കോടി ഇങ്ങനെ രൂപ അനുവദിച്ചിട്ട് യാതൊരാവശ്യവും നിർവഹിക്കാതെ ദുരുപയോഗപ്പെടുത്തിക്കളയുന്നതു് വളരെ വളരെ കഷ്ടമാണു്. അതിനാൽ ഇതിലേക്കു് ദിവാൻജി വേണ്ടതുപോലെ ചുമതലയെടുക്കണം. ഫൻസ്റ്റ്-ൽ ഒരു കിണറു കുഴിക്കാനായി ൦ ൦ രൂപ അനുവദിച്ചതായി ബഡ്ജറിൽ കാണുന്നുണ്ട്. ആ കിണറ് ഇതുവരെ കുഴിച്ചിട്ടില്ല. ആ കിണറു കുഴിച്ചിട്ട് അതിലെ വെള്ളം കുടിച്ച് മരിക്കാമെന്നാശിച്ചിരുന്ന അവിടത്തെ ജനങ്ങളിൽ പലരും ആ ആഗ്രഹം സാധിക്കാതെ മരിച്ചുപോയി. അതുപോലെതന്നെ പാലായിൽ ഒരു പാലം പണിയുന്നതിന് ഏതാനും കൊല്ലങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

മുമ്പു പത്തു മുപ്പതിനായിരം രൂപ അനുവദിച്ചു. പാലത്തിനു കാലുനാട്ടി തെക്കുവടക്കു ബന്ധങ്ങളും കിഴക്കുപടിഞ്ഞാറു പ്രതിബന്ധങ്ങളും പിടിപ്പിച്ചു ഏകദേശം പ്ലാറ്റുഫാറവും നിരത്തിയുടഞ്ഞി. അക്കരെയും ഇക്കരെയും കൽത്തൂണുകളും കെട്ടി. എങ്ങിനെയൊ ആയുടെ കഷ്ടകാലം കൊണ്ടെന്നു പറഞ്ഞുകൂടാ മുഴുവൻ പൊളിക്കാനായി ഉത്തരവുവന്നു. ചെലവുചെയ്യുതിൽ വളരെ അധികംസംഖ്യ ചെലവുചെയ്തു അതു പൊളിച്ചുമാറുകയുംചെയ്തു. ഇങ്ങനെയാണു പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറു നടക്കുന്നതെന്നു ഞാൻ പറയുന്നു. പാലായിലെ പാലം പണിയുന്നതിനു ഗവണ്മെൻറിനു പണമില്ലെങ്കിൽ, അതു പണിയിക്കുന്ന എഞ്ചിനീയറന്മാരില്ലെങ്കിൽ, അതുപണിയുന്നതിനു് സാധനസാമഗ്രികൾ ലഭിക്കയില്ലെങ്കിൽ ആ പാലം ഞങ്ങൾ പണിയിക്കാം. ഞാൻ എന്റെ നിയോജകമണ്ഡലത്തിൽപോയി അതുലോപിച്ചു മറുപടി പറയാം. ഞങ്ങൾതന്നെ പാലം പണിയിച്ചുകൊള്ളാം. ഞങ്ങൾ ചെലവാക്കുന്ന പണം തിരിച്ചു കിട്ടുന്നതുവരെ ടോൾ പിരിക്കാൻ അനുമതിതന്നാൽ മതി. അതുകൊണ്ടു് ഇനിയെങ്കിലും ഗവണ്മെൻറു്, വിശേഷിച്ചു ദിവാൻജി, ഈ കാര്യത്തിൽ പ്രത്യേകം നിഷ്കർഷിച്ചു് പി. ഡബ്ളിയു. ഡി.-ക്കു് അനുവദിക്കുന്ന പണം ഇങ്ങനെ ലാപ്സാക്കി കളയാതെ ഉപകാരപ്രദമായ ജോലികൾക്കായി വിനിയോഗിക്കാൻ വേണ്ട വിധം ശ്രദ്ധിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI: Sir, so much has been spoken by honourable members about the lapsing of amounts every year. Of course, it is a deplorable state of affairs and as remarked by Mr. Joseph the Head of the administration will certainly look to the fact and then pass orders on that.

PRESIDENT: I suppose the honourable member is aware that the whole question of lapse has been dealt with and that there will be no further lapses of any amount.

MR. K. K. CHELLAPPAN PILLAI: Yes, Sir. I have heard that the present Chief Engineer is a competent man, but the administration report presents a very deplorable state of affairs. We do not mark any progress from last year. It is really regrettable apart from the lapse itself. It is stated here "Communications—As usual the major portion of the expenditure amounted to 16 lakhs against 15 in 1117 and forms about 68 per cent. of Works and Repairs". Similarly, it is stated that the expenditure incurred on protective irrigation works during the year was Rs. 1,21,000 against Rs. 1,27,000 in the previous year. Then with regard to these items it is the poor people who are most affected. I speak for the poor man because it is the luxurious man's Government that we find everywhere in the world.

LIBRARY ARCHIVES Kerala Legislative Assembly

With regard to roads, the administration report on page 97 shows that there is for the village roads 21·23 rupees per mile. Last year, it was 25·19 rupees and the roads show adimination of 9·55 miles. That shows that the Chief Engineer was certainly lagging behind in the matter of providing facilities for village roads.

MR. I. C. CHACKO : Supposing a few miles of village roads had been converted and drawn under the metalled roads. Would it have shown that there is no lagging on the part of the Department ?

MR. PULIYOOR T. P. VELAYUDHAN PILLAI : May I know from the honourable member whether there is an increase in the mileage of gravelled roads according to the administration report ?

MR. K. K. CHELLAPPAN PILLAI : Yes, there is. But there are so many roads for which money could have been usefully expended. That is what I am trying to drive at. In the present year's budget of Mysore it is remarkable to note that about 1,000 miles of village roads have been newly opened for the people. That shows how the Government is working for the poor agriculturists of the country. I wish to drive that fact home. That is all that I want to submit at present.

Then with regard to the irrigation works, I just submit that the money sanctioned under protective irrigation was 3 lakhs and that spent was Rs. 1,21,000. That also shows a lack of imagination in the Chief Engineer and a lack of sympathy for the poor agriculturists.

MR. PULIYOOR T. P. VELAYUDHAN PILLAI : May I know from the honourable member whether he is aware of the fact that a separate division for the irrigation branch was constituted after that ?

MR. K. K. CHELLAPPAN PILLAI : Any how, the money spent for irrigation was small. That is what I submit. In Mysore we find that about 1 crore of rupees has been spent for the same purpose. I do not want to read out all the works involved. But about 1 crore and odd rupees have been spent on protective irrigation works such as tanks, canals etc.

PRESIDENT : Honourable member perhaps forgets that some of the best irrigation works are in Mysore. We have only one irrigation project of such importance and that is the Kodayar Project. They are starting fresh irrigation works in Mysore.

MR. K. K. CHELLAPPAN PILLAI : The Kodayar works were long ago constructed but we need further works.

PRESIDENT : Order, order. On the whole the irrigation works that are needed are minor ones and as honourable members will see, a very big allotment has been made for them. Major irrigation works are not necessary in the north of Travancore whereas what is necessary there is dewatering, and honourable member may bear that in mind.

MR. K. K CHELLAPPAN PILLAI : I have got information that two canals, one starting from Mavelikara and the other, the Pandian canal, to which I referred in the morning are now in an utterly hopeless condition and are a disgrace to any Government. These are very useful to

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

the ryots. So many people are to be benefitted by these canals and nothing has been done for improving them. This is another point which I stress as a local need.

Then considering the conditions of the department ten years back, we do not find any improvement on it. The money allotted for the village ryots and all similar works was really higher in amount. I need not go into details, but from the reports I could see that. But in the matter of village roads and also in the matter of agriculture, the Government through their Departments have not done any meritorious work for the agriculturist. This report therefore is one which does not really support the statement of the Chief Secretary that it is a commoners Government.

PRESIDENT: Order, order. At present we are dealing with Mr. Velayudhan Pillai's cut motion on local demands.

